(ബി) ഇത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 80 ലക്ഷം രൂപയുടെ ഒരു റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു.

എടവനക്കാട് എ. എ. സെയ്തുമുഹമ്മദ് റോഡിന്റെ നിർമ്മാണം

163 [1514] ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ എടവനക്കാട് എ. എ. സെയ്തു മുഹമ്മദ് റോഡ് നബാർഡിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ റോഡ് നിർമ്മാണത്തിന് എത്ര തുകയുടെ എസ്റ്റിമേറ്റ് വരും എന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.

(സി) നബാർഡിന്റെ അംഗികാരം ലഭിക്കുന്ന മുറയ്ക്ക് നടപടി ക്രമങ്ങൾ പൂർത്തിയാക്കി പണി ആരംഭിക്കുന്നതാണ്.

ബേപ്പൂർ ഓംഡ് മിലിട്ടറി റോഡിന്റെ പണി

164 [1515] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാടാട് പാക്കേജുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് പ്രഖ്യാപിച്ച ബേപ്പൂർ ഓംഡ് മിലിട്ടറി റോഡിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) റോഡിന്റെ പ്രവൃത്തി പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആൻഡ് ബി) പ്രസ്തുത റോഡിന്റെ നിർമ്മാണാവശ്യത്തിനുള്ള സ്ഥലം കോഴിക്കോട് കോർപ്പറേഷനും, ബേപ്പൂർ പഞ്ചായത്തും പൊതുമരാമത്തു വകുപ്പിന് കൈമാറേണ്ടതുണ്ട്. വേണ്ട സ്ഥലം വിട്ടുകിട്ടിയാൽ മാത്രമേ അനന്തര നടപടികളും സ്വീകരിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly